## ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെ ഇന്ത്യൻ സമൂഹത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു (ജൂലൈ 03, 2025)

ജൂലൈ 04, 2025

ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെ ഇന്ത്യൻ പ്രവാസികളുടെ ഒരു വലിയ സമ്മേളനത്തെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്തു. ട്രിനിഡാഡ് ആൻഡ് ടൊബാഗോയുടെ പ്രധാനമന്ത്രി, ശ്രീമതി കമല പെർസാദ്-ബിസെസ്സർ, ക്യാബിനറ്റ് അംഗങ്ങൾ, പാർലമെന്റ് അംഗങ്ങൾ, മറ്റ് നിരവധി വിശിഷ്ട വ്യക്തികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ചടങ്ങിൽ, പ്രവാസികൾ പ്രധാനമന്ത്രിയെ അങ്ങേയറ്റം ഊഷ്മളതയോടെ സ്വീകരിക്കുകയും വർണ്ണാഭമായ പരമ്പരാഗത ഇന്തോ-ട്രിനിഡാഡിയൻ സ്വീകരണം നൽകുകയും ചെയ്തു.

2. പരിപാടിയിൽ പ്രധാനമന്ത്രി മോദിയെ സ്വാഗതം ചെയ്തുകൊണ്ട് പ്രധാനമന്ത്രി കമല പെർസാദ് ബിസ്സെസർ, ട്രിനിഡാഡ് & ടൊബാഗോയുടെ പരമോന്നത ദേശീയ ബഹുമതിയായ"ദി ഓർഡർ ഓഫ് ദി റിപ്പബ്ലിക് ഓഫ് ട്രിനിഡാഡ് & ടൊബാഗോ" അദ്ദേഹത്തിനു നൽകുമെന്ന് പ്രഖ്യാപിച്ചു. ഈ ബഹുമതിക്ക് പ്രധാനമന്ത്രി അവരോടും ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെ ജനങ്ങളോടും ഹൃദയംഗമമായ നന്ദി അറിയിച്ചു.

3. ഇരു രാജ്യങ്ങളും തമ്മിലുള്ള ഊർജ്ജസ്വലവും സവിശേഷവുമായ ബന്ധം ശക്തിപ്പെടുത്തുന്നതിന് നൽകിയ സംഭാവനയ്ക്കും ഊഷ്മളതയ്ക്കും പ്രധാനമന്ത്രി കമല പെർസാദ്-ബിസെസ്സറിന് പ്രധാനമന്ത്രി തന്റെ പ്രസംഗത്തിൽ നന്ദി പറഞ്ഞു. ഇന്ത്യൻ കുടിയേറ്റക്കാർ ആദ്യമായി അവരുടെ തീരത്ത് എത്തിയതിന്റെ 180--ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ചരിത്രപ്രാധാന്യമുള്ള T&T യിലേക്കുള്ള ഈ സന്ദർശനം അതിനെ കൂടുതൽ സവിശേഷമാക്കുന്നുവെന്ന് പ്രധാനമന്ത്രി അടിവരയിട്ടു. ഇന്ത്യൻ പ്രവാസികളുടെ അതിജീവനശേഷി, സാംസ്കാരിക സമ്പന്നത, ട്രിനിഡാഡ് ആൻഡ് ടൊബാഗോയ്ക്ക് അവർ നൽകുന്ന അതുല്യമായ സംഭാവന എന്നിവയെ പ്രധാനമന്ത്രി പ്രശംസിച്ചു. ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെ ഇന്ത്യൻ പ്രവാസികൾ അവരുടെ ഇന്ത്യൻ സാംസ്കാരിക വേരുകളും പാരമ്പര്യങ്ങളും സംരക്ഷിക്കുകയും

പരിപോഷിപ്പിക്കുകയും ചെയ്യുന്നത് തുടരുന്നതിന് പ്രധാനമന്ത്രി അവരെ അഭിനന്ദിച്ചു.  ഈ ബന്ധം കൂടുതൽ ശക്തമാക്കുന്നതിനായി, ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെ ഇന്ത്യൻ വംശജരുടെ 6-ാം തലമുറയ്ക്ക് OCI കാർഡുകൾ വിതരണം ചെയ്യുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു.  ഈ പ്രത്യേക സംരംഭത്തെ വലിയ കരഘോഷത്തോടെ ജനങ്ങൾ സ്വീകരിച്ചു.  ഗിർമിതിയ പാരമ്പര്യം പരിപോഷിപ്പിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റ് നിരവധി സംരംഭങ്ങളെ പിന്തുണയ്ക്കുമെന്നും പ്രധാനമന്ത്രി അടിവരയിട്ടു.

4. അടിസ്ഥാന സൗകര്യങ്ങൾ, ഡിജിറ്റൽ സാങ്കേതികവിദ്യകൾ, ഉൽപ്പാദനം, ഹരിത പാതകൾ, ബഹിരാകാശം, നവീകരണം, സ്റ്റാർട്ടപ്പുകൾ എന്നീ മേഖലകളിലെ ഇന്ത്യയുടെ ദ്രുതഗതിയിലുള്ള വികസനവും പരിവർത്തനവും പ്രധാനമന്ത്രി വിശദീകരിച്ചു.  കഴിഞ്ഞ ഒരു ശാബ്ദത്തിനിടെ 250 ദശലക്ഷത്തിലധികം ആളുകളെ കടുത്ത ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റിക്കൊണ്ട് സമഗ്ര വളർച്ച പ്രോത്സാഹിപ്പിക്കുന്നതിൽ ഇന്ത്യ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് അദ്ദേഹം എടുത്തുപറഞ്ഞു.  ഇന്ത്യയുടെ വളർച്ചാ ഗാഥയുടെ വിവിധ വശങ്ങൾ എടുത്തുപറഞ്ഞ അദ്ദേഹം, രാജ്യം താമസിയാതെ ലോകത്തിലെ മൂന്ന് മുൻനിര സമ്പദ്‌വ്യവസ്ഥകളിൽ ഒന്നാകുമെന്ന് ചൂണ്ടിക്കാട്ടി.  AI, സെമികണ്ടക്ടർ, ക്വാണ്ടം കമ്പ്യൂട്ടിംഗ് എന്നിവയിലെ ദേശീയ ദൗത്യങ്ങൾ രാജ്യത്തിന്റെ വളർച്ചയുടെ പുതിയ എഞ്ചിനുകളായി മാറുമെന്ന് പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു.  ഇന്ത്യയിലെ UPI അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ പേമെന്റുകളുടെ വിജയത്തിന് അടിവരയിട്ടുകൊണ്ട്, ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലും ഇത് പ്രാവർത്തികമാക്കുന്നത് സമാനമായ പ്രോത്സാഹനമാകുമെന്ന് അദ്ദേഹം ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചു.  കോവിഡ് മഹാമാരിയുടെ സമയത്ത് വ്യക്തമായി തെളിയിക്കപ്പെട്ട, ലോകം ഒരു കുടുംബമാണ് എന്നർത്ഥമാക്കുന്ന വസുധൈവ കുടുംബകം എന്ന ഇന്ത്യയുടെ പുരാതന തത്വചിന്തയെ പ്രതിഫലിപ്പിച്ചുകൊണ്ട്, പുരോഗതിയും രാഷ്ട്രനിർമ്മാണവും പിന്തുടരുന്നതിൽ ട്രിനിഡാഡ് ആൻഡ് ടൊബാഗോയ്ക്ക് അദ്ദേഹം തുടർച്ചയായ പിന്തുണ വാഗ്ദാനം ചെയ്തു.

5. 4000-ത്തിലധികം പേർ പങ്കെടുത്ത പ്രൗഢഗംഭീരമായ പരിപാടിയിൽ മഹാത്മാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കൾച്ചറൽ കോ-ഓപ്പറേഷനിലെയും മറ്റ് സംഘടനകളിലെയും കലാകാരന്മാർ

അവതരിപ്പിച്ച ആകർഷകമായ സാംസ്കാരിക പരിപാടികൾ അരങ്ങേറി.

6. പ്രധാനമന്ത്രിയുടെ പ്രസംഗം പൂർണ്ണമായി ഇവിടെ കാണാം.

പോർട്ട് ഓഫ് സ്പെയിൻ

ജൂലൈ 03, 2025